"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ശ്രീകൃഷ്ണപുരം പീച്ചേരി വീട്ടിൽ ശ്രീമതി. ഗ്രീഷ്മ ഫയൽ ചെയ്ത WP(C)No.26767/2023-ന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 18/08/2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.**1629/2024/GEDN** തീയതി, തിരുവനന്തപുരം, **28-02-2024**

പരാമർശം:-

1. പാലക്കാട് ശ്രീകൃഷ്ണപുരം പീച്ചേരി വീട്ടിൽ ശ്രീമതി. ഗ്രീഷ്മ സർക്കാരിൽ സമർപ്പിച്ച 15/06/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P4).

2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 26767/2023-ന്മേലുള്ള 18/08/2023 തീയതി വിധിന്യായം.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/12/2023 തീയതിയിലെ ജി1/20501/2023/ഡിജിഇ നമ്പർ കത്ത്.

4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തീയതി രേഖപ്പെടുത്താത്ത DEOMKD/2284/2023-B1 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ശ്രീകൃഷ്ണപുരം പീച്ചേരി വീട്ടിൽ ശ്രീമതി. ഗ്രീഷ്മ ഫയൽ ചെയ്ത റിട്ട് ഹർജി നം. 26767/2023-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P4) പുന:പരിശോധനാ ഹർജി ഹരിജിക്കാരിയെയും അഞ്ചാം എതിർകക്ഷിയായ കോർപ്പറേറ്റ് മാനേജരെയും കേട്ട് തീർപ്പാക്കുന്നതിന് റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 08.12.2023 തീയതിയിൽ ഗ്രഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. ഹർജിക്കാരിയായ ശ്രീമതി. ഗ്രീഷ്മയുടെ അപേക്ഷ ഇപ്രകാരമാണ് :

ഞാൻ അടയ്ക്കാപുത്തൂർ എ.യു.പി. സ്കൂളിൽ 01.10.2018 മുതൽ 29.03.2019 വരെയുള്ള

കാലയളവിൽ അവധി ഒഴിവിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിതയായി ജോലി ചെയ്തിരുന്നതാണ്. അതിന് സ്കൂളിൽ നിന്നും issue ചെയ്ത Teaching Experience Certificate-ഉം attendance register-ൽ ഒപ്പിട്ടതിന്റെ രേഖകളുടെ കോപ്പിയും ഞാൻ ഇതോടൊന്നിച്ച് ഹാജരാക്കുന്നുണ്ട്. അപ്രകാരം ദിവസവേതനം 950/- രൂപയായി നിശ്ചയിച്ചിരുന്നതാണ്. കാലാവധി പ്രകാരമുള്ള ജോലി ഞാൻ കൃത്യമായി ചെയ്തിട്ടുള്ളതും വേതനമുകയായ 1,42,500/- രൂപ നാളിതുവരെയായിട്ടും സ്കൂളിൽ നിന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ, എന്റെ നിയമനത്തിനുള്ള ന്യൂനതകൾ പരിഹരിക്കണമെന്ന് അടയ്ക്കാപുത്തൂർ എ.യു.പി. സ്കൂൾ പ്രധാനാധ്യാപികയും മാനേജർക്കും എനിക്കും അറിയിപ്പു നൽകിയിരുന്നതും, അതിനു വേണ്ടതായ Kerala Teacher Eligibility Test Qualification ഉള്ളവരാരും interview attend ചെയ്തിട്ടില്ലാത്തതിനാൽ B.Ed qualification ഉള്ളവരെ selection നടത്തി എന്നെ നിയമിച്ചു എന്ന Declaration-നും Permanent post-ലേയ്ക്ക് സ്ഥിരപ്പെടുത്തുന്നില്ല എന്ന Declaration-ഉം ചെർപ്പളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച് ന്യൂനത പരിഹരിച്ചു കൊള്ളാമെന്നും എന്നെ പറഞ്ഞ് വിശ്വസിപ്പിച്ചിരുന്നതാണ്. തുടർന്ന്, K.Dis.D/3631/2018 dated 31.08.19 പ്രകാരം എന്റെ നിയമനം നിരസിച്ചതായും സ്കൂൾ മാനേജർ മേലധികാരികൾക്ക് നിയമാനുസൃത അപ്പീൽ സമർപ്പിക്കാവുന്നതാണ് എന്ന് അറിയിപ്പ് ലഭിച്ചിട്ടും നാളിതുവരെയായിട്ടും സ്കൂൾ മാനേജർ അപ്രകാരം പ്രവർത്തിക്കുകയോ എനിക്ക് അർഹതപ്പെട്ട വേതനം തരുകയോ ചെയ്തിട്ടില്ലാത്തതും അക്കാര്യത്തിൽ പ്രധാനാധ്യാപികയും മാനേജരും മന:പൂർവ്വം ഉരുതരമായ വീഴ്ച വരുത്തുകയും എന്നെ ബുദ്ധിമുട്ടിപ്പിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന്, ഞാൻ നേരിട്ട് ചെർപ്പളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ചെന്നന്വേഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രധാനാധ്യാപികയും മാനേജരും എന്നെ പറഞ്ഞ് വിശ്വസിപ്പിച്ച് ചതിക്കുകയാണെന്നും എനിക്ക് വേതനം നൽകാതിരിക്കുന്നതിനായി മന:പൂർവ്വം ന്യൂനതകൾ പരിഹരിച്ച Declaration സമർപ്പിക്കാതിരുന്നതായും സമയത്തിനുള്ളിൽ അപ്പീൽ പോലും ബോധിപ്പിക്കാതെയും എന്നെ വഞ്ചിച്ചതായും മനസ്സിലായിട്ടുള്ളതാണ്. അതിനാൽ ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകം എന്റെ സേവനം ലഭ്യമായ കാലാവധിയിലെ വേതനമുകയും മുഴുവനും തന്നു തീർക്കണമെന്നും അല്ലാത്ത പക്ഷം പ്രധാനാധ്യാപികയ്ക്കും മാനേജർക്കും എതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

3. മാനേജർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :

1. പാലക്കാട് ജില്ലയിലെ ചെർപ്പളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഭരണാധികാര പരിധിയിൽ പ്രവർത്തിച്ചുവരുന്ന എയ്ഡഡ് വിദ്യാലയമാണ് എ.യു.പി.സ്കൂൾ, അടയ്ക്കാപുത്തൂർ.

2. സ്കൂളിലെ LG (Hindi) അധ്യാപിക ശ്രീമതി സൂര്യ എസ്. 01.10.2018 മുതൽ 29.03.2019 വരെയുള്ള 180 ദിവസകാലയളവിലേക്ക് പ്രസവാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് സംജാതമായ ഹ്രസ്വകാല ഒഴിവിൽ ശ്രീമതി ഗ്രീഷ്മ ഷാജി എന്നവരെ ദിവസവേതന അടിസ്ഥാനത്തിൽ താത്ക്കാലിക ലോവർ ഗ്രേഡ് (ഹിന്ദി) അധ്യാപികയായി 01.10.2018 മുതൽ 29.03.2019 വരെയുള്ള കാലയളവിലേക്ക് നിയമിക്കുകയും പ്രസ്തുത നിയമനപ്രൊപ്പോസൽ അംഗീകാരത്തിനുവേണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമക്ഷം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായിരുന്നു.

3. ശ്രീമതി ഗ്രീഷ്മ ഷാജി നിയമനവേളയിൽ കെ.ടെറ്റ് യോഗ്യത നേടിയിരുന്നില്ല. കൂടാതെ, ശ്രീമതി സൂര്യ എസ്.ന്റെ അവധി ഒഴിവിൽ ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ

നിയമിക്കുന്നതിനു വേണ്ടി 01.10.2018 നടത്തിയ ഇന്റർവ്യൂവിന് കെ.ടെറ്റ് യോഗ്യത നേടിയ ആളുകൾ ആരും ഹാജരുണ്ടായിരുന്നില്ല.

4. ശ്രീമതി ഗ്രീഷ്മ ഷാജിയുടെ 01.10.2018 മുതലുള്ള ദിവസവേതന അടിസ്ഥാനത്തിലുള്ള താത്ക്കാലിക നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ ഡിക്ലറേഷനുകളും അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് ഞാൻ തയ്യാറാണ്. അസുഖം കാരണം വിദേശത്ത് ഞാൻ ചികിത്സയിലായിരുന്നതിനാലാണ് ആവശ്യമായ ഡിക്ലറേഷനുകൾ യഥാസമയം ഹാജരാക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത് എന്ന വസ്തുത വിനയപൂർവ്വം ബോധിപ്പിക്കുന്നു. ശ്രീമതി. ഗ്രീഷ്മ ഷാജി എന്നവരുടെ 01.10.2018 മുതൽ 29.03.2019 വരെയുള്ള ലോവർ ഗ്രേഡ് (ഹിന്ദി) തസ്തികയിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള താത്ക്കാലിക നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഉപജില്ലയിലെ അടക്കാപുത്തൂർ എ.യു.പി സ്കൂളിൽ 01.10.2018 മുതൽ 29.03.2019 വരെയുള്ള അവധി ഒഴിവിൽ ശ്രീമതി.ഗ്രീഷ്മ ഷാജിയെ എൽ.ജി ഹിന്ദി തസ്തികയിൽ മാനേജർ നിയമിച്ചു.

ടിയാരിക്ക് കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിനാൽ ടി നിയമനത്തിൽ AEO തടസ്സവാദം ഉന്നയിച്ചു. ഇപ്രകാരം കെ-ടെറ്റ് യോഗ്യത ഇല്ലാതെ ടിയാരിയെ നിയമിച്ചത് സംബന്ധിച്ച് മാനേജരുടെ സത്യപ്രസ്താവനകൾ AEO ആവശ്യപ്പെട്ടുവെങ്കിലും ആയത് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി നിയമനം നിരസിച്ചു നൽകിയതായി AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ 17.02.2023 തീയതിയിലെ സ.ഉ (കൈ)നം.15/2023/GEDN പ്രകാരം, 01.06.2012 മുതൽ 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്ക് കെ-ടെറ്റ് നേടുന്നതിനു 2023 ജൂൺ മാസം (പ്രത്യേക പരീക്ഷ നടത്തുന്നത് വരെ) വരെ സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. ടി പരീക്ഷയിലും യോഗ്യത നേടാത്തവരുടെ സർവീസ് ക്രമീകരിക്കുന്നതല്ല എന്ന് മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ, ടി കാലയളവിനുള്ളിൽ കെ-ടെറ്റ് യോഗ്യത ആർജ്ജിച്ചിട്ടുള്ള പക്ഷം KER അധ്യായം XIV A, ചട്ടം 3-ൽ അനുശാസിക്കുന്ന തരത്തിൽ തന്നെ നിർദ്ദിഷ്ട യോഗ്യത ഉള്ളവരായി കണക്കാക്കി അവരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നിവ KER അധ്യായം XIV A-യിലെ ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് തീർപ്പാക്കണമെന്ന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും അവർ സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ 01.10.2018 മുതൽ 29.03.2019 വരെയുള്ള lower grade (Hindi) തസ്തികയിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

6. ഹർജിക്കാരിയെ 01.10.2018 മുതൽ 29.03.2019 വരെയുള്ള അവധി ഒഴിവിൽ മാനേജർ നിയമിച്ചു. ടിയാരിക്ക് കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിനാൽ നിയമനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തടസ്സവാദം ഉന്നയിക്കുകയും; മാനേജർ സത്യപ്രസ്താവന സമർപ്പിക്കാത്തതിനാൽ നിയമനം നിരസിക്കുകയും ചെയ്തു. അവധി ഒഴിവിലെ നിയമനത്തിന് വേണ്ടി നടത്തിയ ഇന്റർവ്യൂവിൽ കെ-ടെറ്റ് യോഗ്യതയുള്ള ആരും തന്നെ ഉണ്ടായിരുന്നില്ലെന്നും; ശ്രീമതി. ഗ്രീഷ്മയുടെ ദിവസവേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ ഡിക്ലറേഷനുകളും മറ്റു രേഖകളും സമർപ്പിക്കുന്നതിന് തയ്യാറാണെന്നും, അസുഖം മൂലം വിദേശത്ത് ചികിത്സയ്ക്ക് പോയതിനാലാണ് ടി രേഖകൾ സമർപ്പിക്കുവാൻ സാധിക്കാതെ വന്നതെന്നും മാനേജർ ബോധിപ്പിച്ചു. താൻ കെ-ടെറ്റ് പാസ്സായിട്ടുണ്ടെന്നും, അതിന്റെ രേഖകളും ആവശ്യമുള്ള മറ്റ് രേഖകളും സമർപ്പിക്കുന്നതാണെന്നും ഹർജിക്കാരി വ്യക്തമാക്കിയിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ, ഹർജിക്കാരിയുടെ ലോവർ ഗ്രേഡ് (ഹിന്ദി) തസ്തികയിലെ അവധി ഒഴിവിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം അംഗീകരിക്കുന്നതിനാവശ്യമായ രേഖകൾ ശ്രീമതി. ഗ്രീഷ്മ മാനേജർ മുഖാന്തരം സമർപ്പിക്കുന്ന മുറയ്ക്കും, ശ്രീമതി. ഗ്രീഷ്മയുടെ ദിവസവേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ ഡിക്ലറേഷനുകളും മറ്റു രേഖകളും മാനേജർ സമർപ്പിക്കുന്ന മുറയ്ക്കും, ടിയാരിയുടെ നിയമനം 01.10.2018 മുതൽ 29.03.2019 വരെ കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് ശ്രീകൃഷ്ണപുരം പീച്ചേരി വീട്ടിൽ ശ്രീമതി. ഗ്രീഷ്മ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പരിശോധനാ ഹർജി (Ext.P4) തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
കോർപ്പറേറ്റ് മാനേജർ, എ.യു.പി. സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്.
ശ്രീമതി. ഗ്രീഷ്മ , പീച്ചേരി വീട്, ശ്രീകൃഷ്ണപുരം, പാലക്കാട്-679513.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ